**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 142** **29-01-2024 - ൽ മറുപടിയ്ക്ക്**

**ടി.പി ചന്ദ്രശേഖരൻ വധക്കേസിലെ പ്രതികളുടെ പരോൾ**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീമതി കെ. കെ. രമ** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | ടി. പി. ചന്ദ്രശേഖരൻ വധക്കേസിൽ ശിക്ഷിക്കപ്പെട്ടിട്ടുള്ള പ്രതികളുടെ ജയിൽ ശിക്ഷ ആരംഭിച്ചത് എന്നുമുതൽക്കാണ്; | (എ) | 28.01.2014 മുതൽ |
| (ബി) | ജയിൽ ശിക്ഷ ആരംഭിച്ചത് മുതൽ നാളിതുവരെ ഈ പ്രതികളിൽ ഓരോരുത്തരും ജയിലിനുള്ളിൽ കഴിഞ്ഞ കാലയളവ് എത്ര വീതമാണെന്ന് അറിയിക്കുമോ; | (ബി) | അനുബന്ധം -I ആയി ചേർക്കുന്നു. |
| (സി) | ഈ കാലയളവിൽ ഈ പ്രതികൾക്ക് ഓരോരുത്തർക്കും അനുവദിച്ചിട്ടുള്ള ആകെ പരോൾ എത്ര ദിവസം വീതം ആണെന്നും എത്ര തവണയായാണ് ഇത് അനുവദിക്കപ്പെട്ടിട്ടുള്ളതെന്നും വ്യക്തമാക്കുമോ; | (സി) | അനുബന്ധം -II ആയി ചേർക്കുന്നു. |
| (ഡി) | ഈ കാലയളവിൽ പ്രതികളിൽ ഓരോരുത്തർക്കും ഏതൊക്കെ തലത്തിലുള്ള ഉദ്യോഗസ്ഥർ എത്ര വീതം കാലയളവ് പരോളാണ് അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ? | (ഡി) | 2014 ലെ കേരളാ പ്രിസണുകളും സംശുദ്ധീകരണ സാൻമാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ചട്ടങ്ങളിലെ ചട്ടം 397 (എഫ്) പ്രകാരം ആദ്യത്തെ സാധാരണ അവധി ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവ്വീസസും തുടർന്നുള്ള സാധാരണ അവധികൾ ജയിൽ സൂപ്രണ്ടും ആണ് അനുവദിച്ചത്. ചട്ടം 400(11) പ്രകാരം അടിയന്തരാവധി ഒരു സമയം 10 ദിവസം വരെ ജയിൽ സുപ്രണ്ടിന് അനുവദിക്കാവുന്നതും അത് ഉൾപ്പെടെ 15 ദിവസം വരെ ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവ്വീസസിന് അനുവദിക്കാവുന്നതും ചട്ടം 401 പ്രകാരം പരമാവധി 45 ദിവസം കവിയാതെ അടിയന്തിരാവധി സർക്കാരിന് ദീർഘിപ്പിക്കാവുന്നതുമാണ്. ബഹു. സുപ്രീം കോടതി ഉത്തരവിന്റെയും ബഹു. ഹൈക്കോടതി ഉത്തരവിന്റെയും അടിസ്ഥാനത്തിൽ അടിസ്ഥാനത്തിൽ ജയിലിൽ കോവിഡ്-19 വ്യാപനം തടയുന്നതിനും സാമൂഹ്യ അകലം പാലിക്കുന്നതിനുള്ള കോവിഡ് മാനദണ്ഡങ്ങൾ നടപ്പാക്കുന്നതിനുമായി |

| | | | |
|---|---|---|---|
| | | | അർഹരായ തടവുകാർക്ക് പ്രത്യേക പരോൾ പൊതുവായി അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം - I</u>**

1 ) <u>സി.നം. 478/23 അനൂപ് S/o ഗംഗാധരൻ</u> : 28.01.2014ൽ കണ്ണൂർ സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിലും 30.01.2014 മുതൽ 21.08.2023 വരെ വിയ്യൂർ സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിലും, പിന്നീട് 21.08.2023 മുതൽ കണ്ണൂർ സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിലും ശിക്ഷ അനുഭവിച്ച് വരുന്നു.

2) <u>സി.നം. 29/23 മനോജ്കുമാർ @ കിർമാണി S/o ഗംഗാധരൻ</u> : 28.01.2014ൽ കണ്ണൂർ സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിലും 30.01.2014 മുതൽ 20.01.2023 വരെ വിയ്യൂർ സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിലും 20.01.2023 മുതൽ കണ്ണൂർ സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിലും ശിക്ഷ അനുഭവിച്ച് വരുന്നു.

3) <u>സി.നം. 1610 സുനിൽകുമാർ @ കൊടിസുനി S/o സുരേന്ദ്രൻ ഗംഗാധരൻ</u> : 28.01.2014ൽ കണ്ണൂർ സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിലും 30.01.2014 മുതൽ 23.06.2019 വരെ വിയ്യൂർ സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിലും, പിന്നീട് തിരുവനന്തപുരം സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിലും 02.06.2021 മുതൽ വിയ്യൂർ സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിലും 20.08.2021 മുതൽ വിയ്യൂർ അതീവ സുരക്ഷാ ജയിലിലും 08.11.2023 മുതൽ മലപ്പുറം തവനൂർ സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിലും ശിക്ഷ അനുഭവിച്ച് വരുന്നു.

4 ) <u>സി.നം. 705/17 രജീഷ് S/o വേലായുധൻ</u> : 28.01.2014ൽ കണ്ണൂർ സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിലും 30.01.2014 മുതൽ 16.09.2017 വരെ വിയ്യൂർ സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിലും 16.09.2017 മുതൽ കണ്ണൂർ സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിലും ശിക്ഷ അനുഭവിച്ച് വരുന്നു.

5 ) <u>സി.നം. 63/21 മുഹമ്മദ് ഷാഫി S/o മൊയ്തു</u> : 28.01.2014ൽ കണ്ണൂർ സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിലും 30.01.2014 മുതൽ 23.06.2019 വരെ വിയ്യൂർ സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിലും, പിന്നീട് 23.06.2019 മുതൽ തിരുവനന്തപുരം സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിലും 12.08.2020 മുതൽ വിയ്യൂർ സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിലും 24.02.2021 മുതൽ കണ്ണൂർ സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിലും ശിക്ഷ അനുഭവിച്ച് വരുന്നു.

6) <u>സി.നം. 34/21 സിജിത്ത് @ അണ്ണൻ സിജിത്ത് S/o സുരേന്ദ്രൻ</u> : 28.01.2014ൽ കണ്ണൂർ സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിലും 30.01.2014 മുതൽ 15.06.2014 വരെ വിയ്യൂർ സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിലും 15.06.2014 മുതൽ 24.01.2021 വരെ തിരുവനന്തപുരം സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിലും 24.01.2021 മുതൽ കണ്ണൂർ സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിലും ശിക്ഷ അനുഭവിച്ച് വരുന്നു.

7)<u>സി.നം. 123/21 ഷിനോജ് S/o അച്യുതൻ</u> : 28.01.2014ൽ കണ്ണൂർ സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിലും 30.01.2014 മുതൽ 23.03.2021 വരെ വിയ്യൂർ സെൻട്രൽ പ്രിസൺ &

കറക്ഷണൽ ഹോമിലും 23.03.2021 മുതൽ കണ്ണൂർ സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിലും ശിക്ഷ അനുഭവിച്ച് വരുന്നു.

8) സി. നം. 56/18 മനോജൻ @ ട്രൗസർ മനോജ് S/o ഗോവിന്ദൻ : 28.01.2014ൽ കണ്ണൂർ സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിലും 30.01.2014 മുതൽ 15.06.2014 വരെ വിയ്യൂർ സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിലും 15.06.2014 മുതൽ 20.01.2018 വരെ തിരുവനന്തപുരം സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിലും 21.01.2018 മുതൽ കണ്ണൂർ സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിലും ശിക്ഷ അനുഭവിച്ച് വരുന്നു.

9) സി.നം.431 റഫീക്ക് S/o ഹംസ 28.01.2014ൽ കണ്ണൂർ സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിലും 30.01.2014 മുതൽ 15.06.2014 വരെ വിയ്യൂർ സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിലും, 15.06.2014 മുതൽ 28.08.2022 വരെ തിരുവനന്തപുരം സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിലും 28.08.2022 മുതൽ കണ്ണൂർ സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിലും ശിക്ഷ അനുഭവിച്ച് വരുന്നു.

10) സി.നം.3753 പടിഞ്ഞാറേ കുഞ്ഞിക്കാട്ടിൽ കുഞ്ഞനന്തൻ S/o കണ്ണൻ നായർ 28.01.2014 മുതൽ 30.09.2019 വരെ കണ്ണൂർ സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിലും, തുടർന്ന് ശ്രീ ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസ് & ടെക്നോളജിയിൽ ചികിൽസയ്ക്കായി 30.09.2019 മുതൽ തിരുവനന്തപുരം സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിൽ പ്രവേശിപ്പിച്ചിരുന്നു. 30.03.2020 തീയതിയിൽ 3 മാസത്തെ ഇടക്കാല ജാമ്യത്തിൽ വിടുതൽ ചെയ്യപ്പെട്ട ടിയാൻ 11.06.2020 ന് മരണപ്പെട്ടു.

11) സി.നം. 2490 കെ.സി. രാമചന്ദ്രൻ: 28.01.2014 മുതൽ കണ്ണൂർ സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിൽ ശിക്ഷ അനുഭവിച്ച് വരുന്നു.

# അനുബന്ധം II

## സാധാരണ അവധിയും അടിയന്തിര അവധിയും

***(കൊറോണ വൈറസ് വ്യാപനവുമായി ബന്ധപ്പെട്ട് അർഹരായ ജയിൽ അന്തേവാസി കൾക്ക് പൊതുവായി അനുവദിച്ച സ്പെഷ്യൽ പരോൾ കാലാവധി ഉൾപ്പെടുന്നില്ല)***

| ക്രമ നം | പേര് | സാധാരണ അവധി (തവണ) | അടിയന്തിര അവധി (തവണ) |
|---|---|---|---|
| 1 | സി.നം. 478/23 അനുപ് | 200 ദിവസം (12 തവണ) | 8 ദിവസം (2 തവണ) |
| 2 | സി.നം. 29/23 മനോജ്കുമാർ | 240 ദിവസം (13 തവണ) | 45 ദിവസം (1 തവണ) |
| 3 | സി. നം. 1610 സുനിൽകുമാർ | 60 ദിവസം (03 തവണ) | 45 ദിവസം (1 തവണ) |
| 4 | സി. നം. 705/17 രജീഷ് | 220 ദിവസം (14 തവണ) | 10 ദിവസം (1 തവണ) |
| 5 | സി. നം. 63/21 മുഹമ്മദ് ഷാഫി | 215 ദിവസം (12 തവണ) | 45 ദിവസം (1 തവണ) |
| 6 | സി.നം. 34/21 സിജിത്ത് | 205 ദിവസം (7 തവണ) | 185 ദിവസം (6 തവണ) |
| 7 | സി. നം. 123/21 ഷിനോജ് | 245 ദിവസം (14 തവണ) | - |
| 8 | സി. നം. 56/18 മനോജൻ | 385 ദിവസം (23തവണ) | 152 ദിവസം (10 തവണ) |
| 9 | സി.നം. 431 റഫീഖ് | 124 ദിവസം (08 തവണ) | 50ദിവസം (03 തവണ) |
| 10 | സി.നം. 3753 പടിഞ്ഞാറേ കുഞ്ഞിക്കാട്ടിൽ കുഞ്ഞനന്തൻ | 205 ദിവസം (14 തവണ) | 122 ദിവസം (09 തവണ) |
| 11 | സി.നം. 2490 കെ.സി. രാമചന്ദ്രൻ | 320 ദിവസം (20 തവണ) | 46 ദിവസം (03 തവണ) |